2009, ഖുത്ബ നമ്പര്‍- 22

بسم الله الرحمن الرحيم

29.05.2009
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# *ദൈവീക കല്പനകള്‍ മനുഷ്യശേഷിക്കനുസൃതമായിട്ടുള്ളവയാകുന്നു.*

لَا يُكَلِّفُ اللّٰهُ نَفْسًا اِلَّا وُسْعَهَا ؕ لَهَا مَا كَسَبَتْ وَعَلَيْهَا مَا اكْتَسَبَتْ ؕ رَبَّنَا لَا تُؤَاخِذْنَاۤ اِنْ نَّسِيْنَاۤ اَوْ اَخْطَاْنَا ۚ رَبَّنَا وَلَا تَحْمِلْ عَلَيْنَاۤ اِصْرًا كَمَا حَمَلْتَهٗ عَلَى الَّذِيْنَ مِنْ قَبْلِنَا ۚ رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهٖ ۚ وَاعْفُ عَنَّا ۥ وَاغْفِرْ لَنَا ۥ وَارْحَمْنَا ۥ اَنْتَ مَوْلٰىنَا فَانْصُرْنَا عَلَى الْقَوْمِ الْكٰفِرِيْنَ ۝

(2:287)

ഞാനീ ഓതിയ വചനത്തിന്റെ അര്‍ത്ഥം ഇപ്രകാരമാകുന്നു.

അല്ലാഹു ഒരാള്‍ക്കും അവന്റെ കഴിവില്‍പ്പെട്ടതല്ലാതെ ഉത്തരവാദിത്തമേല്‍പ്പിക്കുന്നില്ല. അവന്‍ പ്രവര്‍ത്തിച്ച (സല്‍)കര്‍മ്മത്തിന്റെ ഫലം അവന് ലഭിക്കുന്നതാണ്. അവന്‍ പ്രവര്‍ത്തിച്ച (ദുഷ്) കര്‍മത്തിന്റെ (ശിക്ഷയും) അവന് അനുഭവിക്കേണ്ടിവരുന്നതാണ്. (അവര്‍ ഇങ്ങിനെ പ്രാര്‍ത്ഥിക്കുന്നു.) ഞങ്ങളുടെ നാഥാ, ഞങ്ങള്‍ മറന്നുപോകയോ, തെറ്റു ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കില്‍ ഞങ്ങളെ ശിക്ഷിക്കരുതേ. ഞങ്ങള്‍ക്കു മുമ്പുണ്ടായിരുന്നവരുടെ മേല്‍ ചുമത്തിയതുപോലുള്ള ഭാരം ഞങ്ങളുടെ മേല്‍ ചുമത്തരുതേ. ഞങ്ങളുടെ നാഥാ! ഞങ്ങള്‍ക്ക് വഹിക്കാന്‍ കഴിവില്ലാത്ത (ഭാരം) ഞങ്ങളുടെ മേല്‍ ചുമത്തരുതേ. ഞങ്ങള്‍ക്കു മാപ്പു നല്‍കേണമേ. ഞങ്ങള്‍ക്ക് പൊറുത്തു തരേണമേ. ഞങ്ങളോട് കരുണ കാണിക്കേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതിനാല്‍ സത്യനിഷേധികളായ ജനങ്ങള്‍ക്കെതിരില്‍ ഞങ്ങളെ സഹായിക്കേണമേ. (2:287)

ഈ ആയത്തിന്റെ ആരംഭത്തില്‍ തന്നെ അല്ലാഹു പറയുന്നു. ലാ യുകല്ലിഫുല്ലാഹു നഫ്സന്‍ ഇല്ലാ വുസ്അഹാ ഒരാള്‍ക്കും അവന്റെ കഴിവില്‍പ്പെട്ടതല്ലാതെ അല്ലാഹു ഉത്തരവാദിത്തമേല്‍പ്പിക്കുന്നില്ല. മനുഷ്യന്റെ പരിമിതമായ കഴിവും പ്രാപ്തിയും മുന്‍നിറുത്തി തന്നെയാണ് ഇവിടെ വുസ്അഹാ എന്ന് വന്നിരിക്കുന്നത്. എന്നാല്‍ ഞാന്‍ കഴിഞ്ഞ ഖുത്ത്ബകളില്‍ പരാമര്‍ശിച്ചിരുന്നതുപോലെ അല്ലാഹുവിന് വേണ്ടി വാസിഅ് എന്ന വാക്കാണ് ഉപയുക്തമാകുന്നത്. ഇതല്ലാഹുവിന്റെ സിഫത്താണ്. ഇതിന്റെ അര്‍ത്ഥം അപരിമിതമായ, നിര്‍ണ്ണയിക്കുവാന്‍ കഴിയാത്തത്ര കഴിവും പ്രാപ്തിയുമുള്ളവന്‍ എന്നാകുന്നു. അല്ലാഹു എല്ലാ സിഫത്തുകളുടെയും സമുച്ചയമാകുന്നു. അവന്റെ കഴിവിനും പ്രാപ്തിക്കും യാതൊരു അതിരുമില്ല. അതിനാല്‍ തന്നെ അവയെ വലയം ചെയ്യുക എന്നത് സാദ്ധ്യമല്ല. ചുരുക്കത്തില്‍ മനുഷ്യനില്‍ എപ്രകാരമാണ് വിവിധ കഴിവുകളുടെയും പ്രാപ്തിയുടെയും അടിസ്ഥാനത്തില്‍ ഉത്തരവാദിത്തം നിക്ഷിപ്തമായിരിക്കുന്നത് എന്നതിനെക്കുറിച്ച് ഈ ആയത്തിന്റെ വെളിച്ചത്തില്‍ സയ്യിദ്നാ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിശദീകരണത്തില്‍ നിന്നും ചില സംഗതികള്‍ ഞാന്‍ കേള്‍പ്പിക്കുന്നതാണ്.

മനുഷ്യശേഷിക്കുപരിയായി അവന് അനുവര്‍ത്തിക്കുവാന്‍ കഴിയാത്ത യാതൊരു നിര്‍ദ്ദേശവും അല്ലാഹു നല്‍കുന്നില്ല. അതിനാല്‍ അല്ലാഹുവിന്റെ നിര്‍ദ്ദേശാനുസരണം ജീവിക്കുക എന്നത് അവന്റെ ഉത്തരവാദിത്തമാണ്. അപ്പോഴാണ് അല്ലാഹു അവനോട് ചെയ്തിട്ടുള്ള വാഗ്ദാനങ്ങളുടെ അനന്തരാവകാശിയായി അവന്‍ മാറുകയുള്ളു. മനുഷ്യശേഷിക്കനുസൃതമായി പ്രവര്‍ത്തിക്കുവാനുള്ള നിര്‍ദ്ദേശം നല്‍കികൊണ്ട്. അവനവന്റെ നന്മതിന്മകള്‍ക്കുള്ള പ്രതിഫലത്തിന് അവര്‍ സ്വയം ഉത്തരവാദികളാണ് എന്നുള്ള ഇസ്‌ലാമിന്റെ പാഠം അതിമഹത്തരമാണ്. അത് ബുദ്ധിക്കെതിരായി, ഒരു നിഷ്കളങ്ക പ്രവാചകനെ ശാപമരണത്തിലേക്ക് തള്ളിവിട്ടുകൊണ്ട്, മനുഷ്യര്‍ അന്ത്യനാള്‍ വരെ ചെയ്ത് കൂട്ടുന്ന സര്‍വ്വ പാപങ്ങള്‍ക്കും പരിഹാരമായി അദ്ദേഹം ശാപമരണം ഏറ്റെടുത്തിരിക്കുന്നുവെന്നും അതിനാല്‍ ഇനി യാതൊരു ദൈവിക കല്‍പനകളെയും ശിരസ്സാവഹിക്കേണ്ടതില്ല എന്നുമുള്ള അബന്ധജഡിലമായ അദ്ധ്യാപനം സമര്‍പ്പിക്കുന്നില്ല.

പരിശുദ്ധ ഖുര്‍ആനില്‍ മനുഷ്യപ്രകൃതിക്കനുസൃതമായി അല്ലാഹുവിന്റെ എത്ര യുക്തിഭദ്രമായ നിര്‍ദ്ദേശങ്ങളാണുള്ളത്. അതായത് അവന്റെ കല്‍പനകള്‍ ഓരോരുത്തരുടെയും ബലഹീനതകളും കഴിവുകളും മുന്‍നിറുത്തിയുള്ളവയാകുന്നു. അപ്രകാരം തന്നെ മനുഷ്യന്റെ സത്കര്‍മ്മങ്ങളും അതനുഷ്ഠിക്കുവാനുള്ള പ്രയത്നങ്ങളും അവനെ എല്ലാ പാപങ്ങളില്‍നിന്നും പൂര്‍ണ്ണമായും പരിശുദ്ധനാക്കുന്നില്ല. ഹദീസില്‍ വന്നിരിക്കുന്നത് പോലെ. ശയ്ത്താന്‍ മനുഷ്യന്റെ ഞരമ്പില്‍ കൂടി രക്തം കണക്കെ പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്. തത്ഫലമായി അനിയന്ത്രിതമായി പലതെറ്റുകളും ദൗര്‍ബല്യങ്ങളും വന്ന് ചേരാവുന്നതാണ്. ഇത്തരം സന്ദര്‍ഭങ്ങളില്‍ ഇസ്തിഗ്ഫാര്‍ ചെയ്ത് കൊണ്ട് അതില്‍ നിന്നും രക്ഷപ്പെടുവാന്‍ പരിശ്രമിക്കുകയും നന്മയില്‍ മുന്നേറുക എന്നതുമായിരിക്കണം അവന്റെ പ്രവര്‍ത്തി. അല്ലാഹു നിര്‍ദ്ദേശിച്ചിട്ടുള്ള കല്‍പനകളെ പ്രാവര്‍ത്തികമാക്കി, തന്നില്‍ ഒരു പരിശുദ്ധമായ മാറ്റം ഉളവാക്കുന്നതിന്നായി അഹോരാത്രം പരിശ്രമിക്കുമ്പോള്‍, വിശാലമായ പൊറുക്കലിന്റെ ഉടമസ്ഥനായ നാഥന്‍ തന്റെ മഗ്ഫിറത്തില്‍ അവനെ പൊതിയുന്നു. ഇതാകുന്നു വിശുദ്ധഖുര്‍ആന്‍ നമുക്ക് നല്‍കിയ മനോഹര അദ്ധ്യാപനം. ഇവിടെ ഒരു പാപ പരിഹാര സിദ്ധാന്തത്തിനും പ്രസക്തിയില്ല.

ഞാന്‍ പറഞ്ഞത് പോലെ, ലായുകല്ലിഫുല്ലാഹു നഫ്സന്‍ ഇല്ലാവുസ് അഹാ എന്നതിന്റെ വിവക്ഷ എന്താണ്? ഏതേതെല്ലാം അവസ്ഥകളിലാണ് മനുഷ്യന്‍ ഉത്തരവാദിയല്ലതായിത്തീരുന്നത്,

എവിടെയെല്ലാം അവൻ ചോദിക്കപ്പെടും എന്നിത്യാദികാര്യങ്ങളെല്ലാം ഹസ്റത്ത് മസീഹ് മൗഊദ് (അ) വിശദീകരിക്കുന്നുണ്ട്.

ഒന്നാമതായി:- അല്ലാഹു ഒരാൾക്കും അവന്റെ അറിവിനുപരിയായി ഉത്തരവാദിത്തം നൽകുന്നില്ല എന്നതാണ്.

ഇവിടെ മനുഷ്യന്റെ അറിവുനപരിയായി ഭാരം ചുമത്തുന്നില്ല എന്നവൻ പറയുന്നുവെങ്കിലും കൂടെതന്നെ പറഞ്ഞു.

وَقُل رَّبِّ زِدْنِي عِلْمًا ﴿١١٥﴾ (20:115) ഈ ദുആ നബി തിരുമേനി (സ)ക്ക് പഠിപ്പിക്കപ്പെട്ടു. അവിടുത്തേക്ക് നൽകപ്പെട്ടിരുന്ന ജ്ഞാനമാകട്ടെ ഖിയാമത്ത് നാൾവരെ വ്യാപരിച്ചിരിക്കുന്നതാണ്. ഏതേതെല്ലാം ജ്ഞാനത്തിന്റെ ഖജനാവുകളാണ് അവിടുത്തെമേൽ തുറക്കപ്പെടാനുള്ളതെന്ന് വിശുദ്ധ ഖുർആൻ അവതരണ സന്ദർഭത്തിലും അല്ലാഹുവിനറിയാമായിരുന്നു. ആ സമയത്ത് അല്ലാഹു നിർദ്ദേശം നൽകുന്നു. വിശുദ്ധ ഖുർആൻ ഇറങ്ങുന്ന കാര്യത്തിൽ ധൃതി കാണിക്കരുത്. അല്ലാഹുവേ നീ എനിക്ക് അറിവ് വർദ്ധിപ്പിച്ച് കൊണ്ടേ പോകുക എന്ന ഈ ദുആ ചെയ്ത്കൊണ്ടിരിക്കുക. തത്ഫലമായി നിന്റെ നെഞ്ചകത്തിൽ അലയടിച്ചുകൊണ്ടിരുന്ന അറിവിന്റെയും ദൈവീക ജ്ഞാനത്തിന്റേതുമായ സാഗരത്തിൽ വർദ്ധനവ് ഉണ്ടായികൊണ്ടേയിരിക്കട്ടെ. വിശുദ്ധ ഖുർആൻ സമ്പൂർണ്ണമായി അവതരിപ്പിക്കപ്പെട്ടതിന് ശേഷവും നബിതിരുമേനി (സ) യുടെ പ്രാർത്ഥന ഇപ്രകാരമായിരുന്നുവെങ്കിൽ അവിടുത്തെ അനുധാവനം ചെയ്യുന്നവർക്ക് ഈ പ്രാർത്ഥനയുടെ എത്രമാത്രം ആവശ്യകതയുണ്ട്. തങ്ങളുടെ അറിവിൽ വിശാലതയുണ്ടാക്കേണ്ടതിന്റെ എത്രമാത്രം ആവശ്യകതയാണുള്ളത്. അവിടുന്ന് നിർദ്ദേശവും നൽകി.

“ചൈനയിൽ പോയിട്ടാണെങ്കിലും നിങ്ങൾ അറിവ് ആർജിക്കുക.” അതായത് അതിനായി പരമാവധി പരിശ്രമിക്കുക. ജീവിതാവസാനം വരെ ഈ വിഷയത്തിലേക്ക് ശ്രദ്ധ തിരിക്കുക.

ഒരു നഫ്സിനെയും പ്രയാസത്തിലകപ്പെടുത്തുന്നില്ല എന്നല്ലാഹു തീർച്ചയായും പറയുന്നു. അതായത് കഴിവും പ്രാപ്തിയും പ്രദാനം ചെയ്യാതെ ചോദ്യം ചെയ്യപ്പെടുന്നതല്ല. എന്നാൽ അതോടൊപ്പം പറഞ്ഞു. യഥാർത്ഥ സത്യവിശ്വാസി അറിവ് സമ്പാദനാർത്ഥം പരിശ്രമിക്കേണ്ടതുണ്ട്. അതിനുള്ള കഴിവ് ആർജിക്കേണ്ടതും, തന്റെ കഴിവിനനുസൃതമായി പരമാവധി അറിവ് കരസ്ഥമാക്കുവാനുള്ള തൗഫീഖിനായി ദുആ ചെയ്യേണ്ടതുണ്ട്. ഒന്ന് അല്ലാഹു പ്രവാചകന്മാർക്ക് കനിഞ്ഞരുളുന്ന ജ്ഞാനമാണ്. ഇതേറ്റവും കൂടുതൽ നബിതിരുമേനി (സ) ക്ക് നൽകപ്പെട്ടു. കൂടെ തന്നെ ഈ പ്രാർത്ഥനയും പഠിപ്പിച്ചു. - رَّبِّ زِدْنِي عِلْمًا ﴿١١٥﴾ (20:115)

മറ്റൊന്ന് ആത്മീയവും ഭൗതികവുമായ രണ്ട് തരത്തിലുള്ള അറിവുമാകുന്നു. ഒരു സാധാരണവിശ്വാസിയും ഇതിനായി പരിശ്രമിക്കുകയും കൂടെ ദുആ ചെയ്യേണ്ടതുമുണ്ട്. ജ്ഞാന സമ്പാദനാർത്ഥം അദ്ധ്വാനം ആവശ്യമില്ലായിരുന്നുവെങ്കിൽ, സുദീർഘ യാത്ര ചെയ്യേണ്ടി വന്നാലും നിങ്ങൾ ഇതിനായി പരിശ്രമിക്കുക എന്ന നബി തിരുമേനി (സ) യുടെ വചനം നിരർത്ഥകമായിത്തീരും. എന്നാൽ അറിവ് സമ്പാദനത്തിനുള്ള തൗഫീഖും അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ സംഭവ്യമല്ല. അതിനാൽ പഠിപ്പിച്ചു. സ്വയം തന്റെ കഴിവിൽ മാത്രം വിശ്വാസമർപ്പിക്കാതെ അവന്റെ സഹായത്തിന്നായി തേടുക. ഈ രീതിയിൽ പരിശ്രമമുണ്ടാകുമ്പോൾ ഓരോരുത്തരും അവരവരുടെ കഴിവനുസരിച്ച് വിദ്യകരസ്ഥമാക്കുന്നവരായിത്തീരും.

മസ്തിഷ്ക കഴിവുകളും വിത്യസ്ഥമാണ്. വളർന്ന് വന്ന അന്തരീക്ഷവും, സമൂഹത്തിലെ മറ്റവസ്ഥകളുമെല്ലാം മനുഷ്യനിൽ സ്വാധീനം ചെലുത്തുന്നു. അതുകൊണ്ട് അല്ലാഹു അതിന്റെയും പദവികൾ നിശ്ചയിച്ചിരിക്കുന്നു. പ്രകൃത്യാ കഴിവും ശേഷിയും അറിവും കുറഞ്ഞ ഒരാളിൽ, ഉന്നതമായ കഴിവും പ്രാപ്തിയും ശേഷിയും ഐഹികവും, ആദ്ധ്യാത്മികവുമായ അറിവുകളും ആർജിക്കുവാൻ അവസരം ലഭ്യമായ ഒരാളെപ്പോലെ ഉത്തരവാദിത്തമേൽപ്പിക്കുന്നില്ല. അല്ലാഹു ഈ എല്ലാ അവസ്ഥകളെക്കുറിച്ചും അറിയുന്നതിനാൽ ഭാരം ചുമത്തുമ്പോൾ ഇതെല്ലാം മുൻനിറുത്തി തന്നെയാണ് പ്രവർത്തിക്കുന്നത്.

എന്നാൽ മനുഷ്യൻ തനിക്ക് സ്വതസിദ്ധമായി ലഭിച്ചിട്ടുള്ള കഴിവുകളെ അറിവ് സമ്പാദനാർത്ഥം ഉപയോഗിച്ചുകൊണ്ട് ഏതൊരവസ്ഥയെ പ്രാപിക്കുവാനാണ് അല്ലാഹു നിർദ്ദേശിക്കുന്നത് അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ ചോദ്യം ചെയ്യപ്പെടുന്നതാണ്. ഇവിടെ ലായുകല്ലിഫുള്ളാഹു നഫ്സൻ ഇല്ലാ വുസ്അഹാ - എന്നതിന്റെ അർത്ഥം ഇത് തന്നെയാകുന്നു. നിങ്ങൾ നിങ്ങളുടെ നഫ്സിനെ അതർഹിക്കുന്നവിധം ഉപയോഗത്തിൽ കൊണ്ട് വന്നില്ല എങ്കിൽ മറുപടി നൽകേണ്ടിവരും. ദീനി അറിവിൽ പുരോഗതി ആർജിക്കുവാൻ പരിശ്രമിക്കുക എന്നത് മുസൽമാനെ സംബന്ധിച്ചിടത്തോളം അവന്റെ പ്രധാന കർത്തവ്യമാകുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. “സത്യാന്വേഷി ഒരു ഘട്ടത്തിൽ എത്തി നിലയുറപ്പിക്കുവാൻ പാടുള്ളതല്ല. അതല്ലായെങ്കിൽ ശപ്തനായ പിശാച് അവന്റെ ശ്രദ്ധയെ തിരിച്ചു കളയുന്നതാണ്. കെട്ടി നിൽക്കുന്ന ജലം ദുർഗന്ധപൂരിതമായിത്തീരുന്നത് പോലെ ഒരു സ്ഥലത്ത് നിലയുറപ്പിച്ച് കൂടുതൽ പുരോഗതിക്കായി പരിശ്രമിക്കാത്തവൻ വീണ് പോകുന്നു. ഈ മാർഗത്തിൽ നിരന്തര പരിശ്രമം എന്നത് സൗഭാഗ്യവാന്റെ ഉത്തരവാദിത്തമാകുന്നു. നമ്മുടെ യജമാനർ (സ) യെക്കാളും പരിപൂർണ്ണ മനുഷ്യൻ ലോകത്താവിർഭവിച്ചിട്ടില്ല എന്നിരുന്നിട്ടും അങ്ങയെ പഠിപ്പിച്ച പ്രാർത്ഥന.

കുൽ റബ്ബി സിദ്നീ ഇൽമാ എന്നായിരിക്കെ മറ്റാരാണ് തങ്ങളുടെ അറിവിലും മഅ്രിഫത്തിലും പൂർണ്ണമായി പ്രതീക്ഷ അർപ്പിച്ചുകൊണ്ട് നിലയുറപ്പിക്കുകയും മേൽപുരോഗതി ആവശ്യമില്ല എന്ന് മനസ്സിലാക്കുകയും ചെയ്യുന്നവൻ.”

ചുരുക്കത്തിൽ ഇവിടെ ലായുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസ്അഹാ എന്ന് പറഞ്ഞിരിക്കുന്നത് നിങ്ങളുടെ എല്ലാ കഴിവുകളും വിനിയോഗിച്ചുകൊണ്ട് ജ്ഞാന സമ്പാദനത്തിന്നായി പരിശ്രമിക്കുക എന്നതാകുന്നു. ഈ രീതിയിൽ മുന്നോട്ട് പോകുമ്പോൾ നിങ്ങൾ അല്ലാഹുവിന്റെ തൃപ്തി കരഗതമാക്കുന്നവരായിത്തീരും. കാരണം ഈ അറിവിന്റെ വിശാലത കാരണമായി നിങ്ങൾക്ക് അല്ലാഹുവിനെ തിരിച്ചറിയുവാനുള്ള കഴിവ് വർദ്ധിക്കുന്നു. ഈ തിരിച്ചറിവ് കാരണമായി കൂടുതൽ കൂടുതലായി അവന്റെ മുമ്പിൽ കുനിയുവാൻ കഴിയുന്നു. അല്ലാഹു പറഞ്ഞത് പോലെ.

نَّمَا يَخْشَى اللّٰهَ مِنْ عِبَادِهِ الْعُلَمٰٓؤُا (35:29)

യഥാർത്ഥത്തിൽ അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ (ഉലമാ) മാത്രമേ അവനെ ഭയപ്പെടുകയുള്ളു. ജ്ഞാന വർദ്ധനവ് ഹൃദയത്തിൽ ഭയം ഉളവാക്കുന്നു. ഇവിടെ ഉലമാ കൊണ്ടുള്ള വിവക്ഷ ഈ നാമമാത്ര പണ്ഡിതന്മാരോ ഉപരിപ്ലവമായ അറിവ് മാത്രം ആർജിച്ചു മറ്റുള്ളവരുടെമേൽ തങ്ങളുടെ പ്രഭാവം ചെലുത്തുന്ന ബാഹ്യഉലമാക്കളല്ല. മറിച്ച് യഥാർത്ഥ ജ്ഞാനികൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർക്ക് അറിവിൽ വർദ്ധനവുണ്ടാകുമ്പോൾ തന്നെ അതിൽ വിശാലതയും അല്ലാഹുവിനെ തിരിച്ചറി

യുവാനുള്ള കഴിവും പ്രാപ്യമാകുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ, ഏതുഭാഗത്തേക്കു ശ്രദ്ധതിരിച്ചാലും നിന്നെ ദർശിക്കുവാനുള്ള മാർഗങ്ങളാണല്ലോ എന്നതിന്റെ യാഥാർത്ഥ്യം അവർക്ക് മനസ്സിലാകുവാൻ തുടങ്ങും. അങ്ങിനെ അവന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ട് ജ്ഞാനപരമായി ലായുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസുഹഹാ യഎന്നതിന്റെ യാഥാർത്ഥ്യം എന്തെന്ന് അവർ മനസ്സിലാക്കും.

രണ്ടാമതായി:- ലാുകല്ലിഫുല്ലാഹു നഫ്സൻ ലാ വുസുഹഹാ എന്നതുകൊണ്ട് മനുഷ്യന് ഉൾക്കൊള്ളാൻ കഴിയുന്ന അദ്ധ്യാപനങ്ങളേ അവൻ നൽകുന്നുള്ളു എന്നതാണ്. അതായത് അദ്ധ്യാപനങ്ങൾ അവന്റെ ശക്തിക്കും കഴിവിനും ഉപരിയായതാകരുത്. ഇതിനു തൊട്ട് മുമ്പുള്ള ആയത്തിൽ അല്ലാഹു ഈമാൻ കാര്യങ്ങളെ സംബന്ധിച്ച് പറഞ്ഞു.

اٰمَنَ بِاللّٰهِ وَمَلٰٓئِكَتِهٖ وَكُتُبِهٖ وَرُسُلِهٖ

(2:286). അല്ലാഹുവിൽ, അവന്റെ മലക്കുകളിൽ, ഗ്രന്ഥങ്ങളിൽ, പ്രവാചകന്മാരിൽ, ഞങ്ങൾ വിശ്വസിക്കുന്നു. മറ്റൊരു ഭാഗത്ത് പരലോകത്തെ കുറിച്ചും പരമാർശിച്ചു. ഇത് സംബന്ധമായി ഹസ്റത്ത് ഉമർ (റ) നിവേദനം ചെയ്യുന്ന ഒരു ഹദീസുമുണ്ട്.

"ഒരിക്കൽ ഞങ്ങൾ നബിതിരുമേനി (സ) ന്റെ സവിധത്തിൽ ഇരിക്കുകയായിരുന്നു. അവിടെക്ക് തൂവെള്ളവസ്ത്രം ധരിച്ച ഒരാൾ വന്നുകൊണ്ട് തന്റെ മുട്ടുകൾ നബിതിരുമേനി (സ) യുടെ മുട്ടുമായി ചേർത്തുവെച്ച് വിവിധ കാര്യങ്ങൾ ചോദിച്ച കൂട്ടത്തിൽ ചോദിക്കുകയുണ്ടായി ഈമാനെക്കുറിച്ച് പറഞ്ഞാലും, നബി (സ) പറഞ്ഞു. ഈമാനെന്നാൽ അല്ലാഹുവിൽ വിശ്വസിക്കുക. കൂടാതെ അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ നബിമാരിലും അന്ത്യദിനത്തിലും നന്മ തിന്മകളുടെ വിധിനിർണയത്തിലും ഉറച്ച് വിശ്വസിക്കുക." നോക്കുക ഇവിടെ ഏതു സംഗതിയാണ് കഴിവിന് ഉപരിയായിട്ടുള്ളത്. സൽപ്രകൃതിയുള്ള ഒരു സ്ത്യാന്വേഷി മുഴുപ്രപഞ്ചമെന്നല്ല, വെറും ഭൂമിയിലെ വൈവിധ്യങ്ങളിലേക്ക് മാത്രം ദൃഷ്ടി പായിക്കുകയാണെങ്കിൽ അല്ലാഹുവിൽ വിശാസവും ദൃഢബോധ്യവും വരുത്തുന്ന സൃ-ഷ്ടിപ്പിന്റെ എത്രയോ വിസ്മയങ്ങൾ അവന് ദർശിക്കുവാൻ കഴിയുന്നതാണ്. പിന്നീട് ഈ പ്രപഞ്ച വിസ്മയത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ട് മനുഷ്യൻ അല്ലാഹുവിന്റെ മലക്കുകളെക്കുറിച്ച് വിചിന്തനം ചെയ്യുമ്പോൾ ഓരോരുത്തർക്കും അവരവരുടെതായ വൃത്തങ്ങളിൽ മലക്കുകളെക്കുറിച്ചുള്ള യാഥാർത്ഥ്യം വ്യക്തമാകുവാൻ തുടങ്ങുന്നു.

അപ്രകാരം തന്നെ ദൈവസമക്ഷത്തിൽ നിന്നും അവതരിപ്പിക്കപ്പെട്ട ഗ്രന്ഥങ്ങൾ - വിശുദ്ധഖുർആൻ അവയിലെ ന്യൂനതകളും പോരായ്മകളും ചൂണ്ടികാണിച്ചുകൊണ്ട് ചിലതിനെ കാലഹരണപ്പെടുത്തുകയും, മേന്മകളിലേക്ക് വെളിച്ചം വീശിക്കൊണ്ട് ചില അദ്ധ്യാപനങ്ങളെ സ്ഥിരപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തു. വിശുദ്ധഖുർആനെ ക്കുറിച്ച് സംരക്ഷണവാഗ്ദാനം നൽകികൊണ്ട് യാതൊരു കൈകെടുത്തലുകൾക്കും വിധേയമാകുകയില്ല എന്ന പ്രഖ്യാപനം നടത്തുക വഴി അതിൽ വിശ്വസിക്കുവാനുള്ള ശക്തിയായ പ്രചോദനം നൽകി. ഈ വിശുദ്ധ ഖുർആൻ മുഖേന പറയപ്പെട്ടു. ഇതിൽ മനുഷ്യന്റെ കഴിവിന് അതീതമായി യാതൊരു അദ്ധ്യാപനങ്ങളും നൽകപ്പെടുന്നില്ല. നബിതിരുമേനി (സ) ക്ക് ശേഷം കോടിക്കണക്കിന് മുസ്ലീംകൾ ഇതനുസരിച്ച് പ്രവർത്തിച്ചു കാണിക്കുകയുണ്ടായി.

അതേപോലെ പ്രവാചകന്മാരെ സംബന്ധിച്ചുള്ള വിശ്വാസം അവരെ നിഷേധിച്ചത് ആ സമൂഹങ്ങളുടെ ദൗർഭാഗ്യമായിരുന്നു. നബിമാരുടെ അദ്ധ്യാപനങ്ങളും അവരുടെ വാദങ്ങളും ഒരാളെയും പ്രയാസത്തിൽ അകപ്പെടുത്തുവാനുള്ളവയായിരുന്നില്ല. അവർ ഓരോരുത്തരും പറഞ്ഞത് ഞങ്ങൾ നിങ്ങളെ നിങ്ങളുടെ സൃഷ്ടാവുമായി ബന്ധപ്പെടുത്തുവാനും നിങ്ങൾക്ക് ഗുണകരമാകുന്ന അദ്ധ്യാപനങ്ങളുമായാണ് ആഗതരായിരിക്കുന്നത്. ഇതിനായി നിങ്ങളോട് യാതൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. ഞങ്ങളുടെ പ്രതിഫലം അല്ലാഹുവിന്റെ പക്കലാണ്. നിങ്ങൾക്ക് പ്രയാസമുണ്ടാക്കലല്ല ഞങ്ങളുടെ ഉദ്ദേശ്യം ഞങ്ങൾ നിങ്ങളുടെ ഗുണകാംക്ഷിയാകുന്നു. അതിനാൽ പരലോകത്തിൽ വിശ്വസിച്ചുകൊണ്ട് സൽകർമകാരികളായി അല്ലാഹുവിന്റെ പ്രതിഫലത്തിന് അർഹരായിത്തീരുക അവന്റെ തൃപ്തിയുടെ മാർഗത്തിൽ പ്രവേശിക്കുക. നന്മയുടെ പ്രതിഫലം അല്ലാഹു എവ്വിധമാണ് നൽകുന്നത്. പറഞ്ഞു. തിന്മക്കുള്ള പ്രതിഫലം തത്തുല്യമായതാണെങ്കിൽ നന്മക്കുള്ള പ്രതിഫലം പത്തിരട്ടിയോ അതിനെക്കാളുപരിയോ അല്ലാഹു പ്രദാനം ചെയ്യുന്നു. ചുരുക്കത്തിൽ അല്ലാഹു തന്റെ പ്രവാചകന്മാർ മുഖേന ലോകത്ത് സമർപ്പിക്കുന്ന അദ്ധ്യാപനങ്ങൾ മനുഷ്യകഴിവിനനുസൃതമായവയായിരുന്നു. മുൻ സമുദായങ്ങൾക്ക് കഴിവും പ്രാപ്തിയും കുറവായിരുന്നുവെങ്കിൽ അവർക്ക് നൽകപ്പെട്ട അദ്ധ്യാപനങ്ങളും അതിനനുഗുണമായവയായിരുന്നു. മുകളിൽ ഞാൻ കേൾപ്പിച്ച ഹദീസിൽ ഹസ്റത്ത് ജിബ്രീൽ (അ) ആണ് ആഗതനായിരുന്നത്. അദ്ദേഹം ഇസ്ലാം കാര്യങ്ങളെക്കുറിച്ചും ആരാഞ്ഞു. എന്തൊക്കെയാണ് ഇസ്ലാം കാര്യങ്ങൾ? തിരുനബി (സ) പറഞ്ഞു. കലിമ ത്വയ്യിബ, ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുറസൂലുല്ലാഹു, എന്ന് സാക്ഷ്യം വഹിക്കൽ, നമസ്കരിക്കുകയും സക്കാത്ത് കൊടുക്കുകയും, റമളാനിലെ നോമ്പ് പിടിക്കുകയും, ഹജ്ജ് ചെയ്യുകയും ചെയ്യുക.

നമസ്കാരം, നോമ്പ് എന്നീ ആരാധനാ കർമങ്ങൾ, ഇതിലും യാതൊരു ഭാരവും ചുമത്തുന്നില്ല. ഒരാൾ രോഗിയാണെങ്കിൽ ഇരുന്നും കിടന്നുമെല്ലാം നമസ്കരിക്കാവുന്നതാണ്. യാത്രാവേളയിലാണെങ്കിൽ ജമ്മും കസറുമാക്കുവാനുമുള്ള അനുമതി നൽകിയിരിക്കുന്നു. അപ്രകാരം നോമ്പ് - യാത്രയിലോ, രോഗാവസ്ഥയിലോ നോമ്പെടുക്കാതിരിക്കുവാനുള്ള അനുവാദം നൽകിയിരിക്കുന്നു. സക്കാത്തും നിസാബ് പൂർത്തിയാകുന്ന ആൾക്കെ നിർബന്ധമാകുന്നുള്ളു. ഹജ്ജും ഇപ്രകാരം തന്നെ. യാത്ര ചെയ്യാൻ കഴിയുന്ന ആരോഗ്യമുള്ള ആൾക്കാണ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നത്. ചുരുക്കത്തിൽ ഈ കല്പനകളെല്ലാം തന്നെ മനുഷ്യ കഴിവിനനുസൃതമായാണ് നൽകപ്പെട്ടിട്ടുള്ളത്. പ്രവൃത്തിക്കാത്ത മുസ്ലിംകളെ മാറ്റി നിറുത്തിയാൽ ഞാൻ പറഞ്ഞതുപോലെ എല്ലാ തരക്കാരുമായിട്ടുള്ള കോടിക്കണക്കിന് മുസ്ലിംകൾ ഇതനുസരിച്ച് പ്രവർത്തിച്ചു. പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

മൂന്നാമതായി:- ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നത്. അല്ലാഹു പറയുന്നു. നബിതിരുമേനി (സ) യിൽ നിങ്ങൾക്ക് ഉത്തമ പ്രവർത്തനമാതൃകയുണ്ട്. പറഞ്ഞു. ലക്കദ് ഖാന ലക്കും ഫീ റസൂലില്ലാഹി ഇസ്വത്തും ഹസനാ (33:22). നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഒരുത്തമ മാതൃകയുണ്ട്. പറയുന്നു. നമ്മോട് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന എല്ലാ കല്പനകളിലും സ്വഭാ

വങ്ങളിലും ആരാധനകളിലും അങ്ങയെ അനുധാവനം ചെയ്യുക. നബിതിരുമേനി (സ) യെ പൂർണമായും അനുസരിച്ചുകൊണ്ട് പ്രതിരൂപമാകുന്ന (ളില്ലി) സ്ഥാനങ്ങളെ മനുഷ്യന് പ്രാപിക്കുവാൻ കഴിയുമായിരുന്നില്ലയെങ്കിൽ ഈ മഹൽ പ്രവാചകനെ പിന്തുടരുക എന്ന നിർദ്ദേശം അല്ലാഹു ഒരിക്കലും നൽകുമായിരുന്നില്ല. അല്ലാഹു കഴിവിനതീതമായി ഒരു നിർദേശവും നൽകുന്നില്ല. ലായുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസുഹഹാ ഇവിടെ പറഞ്ഞത് നിങ്ങൾ ഈ പ്രവാചകനെ അനുധാവനം ചെയ്യുക. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ അവിടുത്തെ ആ നിലവാരം പൂർണമായും പ്രാപിക്കുവാൻ നമുക്കാവുകയില്ല. എന്നാൽ പ്രതിഛായയെന്ന നിലയിൽ നമ്മുടെതായ വൃത്തങ്ങളിൽ ഈ ഉത്തുംഗതകൾ കരസ്ഥമാക്കുവാൻ പരിശ്രമിക്കുക. അല്ലാഹു എല്ലാ മുഅ്മിനീങ്ങളിലും ഈ കഴിവ് അന്തർലീനമാക്കിയിരിക്കുന്നതിനാൽ ഈ മാതൃകകൾ ജീവിതത്തിൽ പകർത്തുവാൻ ശ്രമിക്കുക എന്നത് എല്ലാ സത്യവിശ്വാസികൾക്കും നിർബന്ധമാകുന്നു.

എനിക്ക് ആ നിലവാരത്തിലെത്താൻ സാധ്യമല്ല. അതിനാൽ തന്നെ എനിക്ക് ഈ പരിശ്രമത്തിന്റെ ആവശ്യകതയുമില്ല എന്നുകരുതി മാറി നിൽക്കുക എന്നത് അല്ലാഹു നിർബന്ധമാക്കിയിട്ടുള്ള കൽപനകളിൽനിന്ന് മനുഷ്യനെ, മുഅ്മിനെ സ്വതന്ത്രനാക്കുന്നില്ല. ഞാൻ ആദ്യം പറഞ്ഞതുപോലെ ഈ ഉമ്മത്തിൽ കോടിക്കണക്കിന് വിശ്വാസികൾ ഈ മാതൃകകൾ നിലനാട്ടുവാനായി പരിശ്രമിക്കുകയും നിലനാട്ടി കാണിക്കുകയുമുണ്ടായി. അതിനാൽ തന്നെ ഒരു സാധാരണ വിശ്വാസിക്കും നബിതിരുമേനി (സ) യുടെ ഈ മാതൃകകൾ അനുസരിച്ച് തന്റെ നിലവാരത്തിനനുസൃതമായി പ്രവർത്തിക്കാവുന്നതാണ്.

<u>നാലാമതായി:-</u> അല്ലാഹു നബിതിരുമേനി (സ) മുഴുവൻ മാനവരാശിക്കുമായാണ് നിയോഗിച്ചയച്ചിട്ടുള്ളതെന്നതാണ്. അവിടുന്ന് കൊണ്ടുവന്ന അദ്ധ്യാപനങ്ങൾ അനുസരിച്ച് ജീവിക്കുക എന്നത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. അല്ലാഹുവിലും അവന്റെ ഈ പ്രവാചകനിലും വിശ്വസിക്കുന്നതിൽ തന്നെയാണ് മോക്ഷം ഉള്ളത്. എന്നാൽ ആരിലെങ്കിലും തെളിവ് പൂർത്തീകരണം സംഭവിച്ചില്ലെങ്കിൽ അല്ലാഹു ഒരാൾക്കും കഴിവിൽ പെട്ടതല്ലാതെ ഉത്തരവാദിത്വം ഏല്പിക്കുന്നില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ആരിലാണ് ന്യായപൂർത്തി സംഭവിക്കാത്തത് അക്കൂട്ടർ ശിക്ഷക്ക് അർഹരായിരിക്കുകയില്ല. മസീഹ് മൗഊദ് (അ) പറയുന്നു. എന്നാൽ ആരിലാണോ ന്യായപൂർത്തീകരണം നടന്നിട്ടുള്ളത് അവർ അന്ത്യനാളിൽ ചോദ്യം ചെയ്യപ്പെടുന്നതാണ്. ശരീഅത്ത് ബാഹ്യകാര്യങ്ങളിൽ വിധി കൽപിക്കുന്നതിനാൽ വിശ്വാസികളല്ലാത്തവരെ കാഫിറും നിഷേധികളുമായിത്തന്നെ നാമും കണക്കുക്കൂട്ടുന്നു. എങ്കിലും അല്ലാഹുവിന്റെ ദൃഷ്ടിയിൽ ന്യായപൂർത്തി സംഭവിക്കാത്തവർ പിടിക്കപ്പെടുന്നതല്ല. എന്നാൽ അവർ മോക്ഷപ്രാപ്തരാണ് എന്ന് വിധിക്കുവാൻ നമുക്കവകാശമില്ല. അവരുടെ കാര്യം അല്ലാഹുവുമായി ബന്ധപ്പെട്ടതാണ്. ഇവിടെ ഇതും ശ്രദ്ധയിൽ വെക്കേണ്ടതുണ്ട്. ഈ സംഗതി വ്യക്തമാക്കിയതിന്ശേഷം ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ഇതിന്റെ ശരിയായഗ്രാഹ്യം അല്ലാഹുവിന് മാത്രമാണുള്ളത്. അതായത് യുക്തിഭദ്രമായ എല്ലാ തെളിവുകളും മനോഹരമായ അദ്ധ്യാപനങ്ങളും, ആകാശീയ ദൃഷ്ഠാന്തങ്ങളും ഉണ്ടായിരിക്കേ ആരിലാണ് ന്യായപൂർത്തീകരണം സംഭവിക്കാത്തത്. എന്നതിനെ സംബന്ധിച്ച് അല്ലാഹുവിന് മാത്രമാണ് അറിയുവാൻ കഴിയുക. കാരണം നമുക്ക് ഒരാളുടെ ആന്തരിക ജ്ഞാനമില്ല. അതേസമയം നാനാവിധത്തിലുള്ള തെളിവുകൾ നിരത്തികൊണ്ട് ജനങ്ങളിൽ ന്യായപൂർത്തീകരണം വരുത്തുകയാണ് എല്ലാ പ്രവാചകന്മാരും ചെയ്ത് പോന്നത്. അല്ലാഹുവും തന്റെ സച്ചരിതരായ ഈ ദാസന്മാരെ അതിനായി സഹായിച്ചുപോന്നു. അങ്ങനെയായിരിക്കെ, എന്നിൽ ന്യായപൂർത്തീകരണം സംഭവിച്ചിട്ടില്ല എന്നൊരാൾ വാദിക്കുകയാണെങ്കിൽ ആ നിഷേധത്തിന് അയാൾ സ്വയം ഉത്തരവാദിയായിരിക്കുന്നതാണ്. ഇത്രമാത്രം ആകാശീയ ദൃഷ്ടാന്തങ്ങളും മനോഹരമായ അദ്ധ്യാപനങ്ങളും എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളുണ്ടായിട്ടും ന്യായപൂർത്തീകരണം ഉണ്ടായിട്ടില്ല എന്നതിന് അയാൾ സ്വയം മറുപടി പറയേണ്ടതാണ്. ചുരുക്കത്തിൽ അല്ലാഹു ലാ യുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസ് അഹാ എന്നതിന്റെ അടിസ്ഥാനത്തിൽ ഒരാളിലും ഭാരം ചുമത്തുന്നില്ല. എന്നാൽ അഹ്മദിയ്യത്തിനെയും ഇസ്ലാമിനേയും നിരാകരിക്കുന്നവർ, തങ്ങളിൽ ന്യായപൂർത്തീകരണം ഉണ്ടായിട്ടില്ല എന്ന് വാദിക്കുന്നത് തങ്ങളുടെ ആത്മാവിന്റെ വഞ്ചനയാണോ എന്ന് ചിന്തിക്കേണ്ടതാണ്. കാലത്തിന്റെ ഇമാമിന്റെ വാദം നിലനിൽക്കെ തന്നെ ലോകത്തെല്ലായിടത്തും പ്രകടമായികൊണ്ടിരിക്കുന്ന ഈ അസ്വസ്ഥതകളും അരക്ഷിതാവസ്ഥയും അല്ലാഹുവിന്റെ പക്കൽ നിന്നുള്ള ന്യായപൂർതതീകരണമല്ലേ? എന്ന് പരിശോധിക്കേണ്ടതാണ്.

<u>അഞ്ചാമതായി:-</u> അല്ലാഹു ബുദ്ധിക്കെതിരായി വിശ്വസിക്കുവാൻ ഒരാളെയും നിർബന്ധിക്കുന്നില്ല. വിശുദ്ധഖുർആനിൽ അല്ലാഹുവിനെക്കുറിച്ച് ഹക്കീം എന്ന് വന്നിരിക്കുന്നു. അവന്റെ കല്പനകളെല്ലാം തന്നെ യുക്തി ഭദ്രമാകുന്നു. ഈ ഹിക്മത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അതനുസരിക്കുവാനുള്ള നിർദ്ദേശമാണ് നൽകപ്പെടുന്നത്. എന്ന് മാത്രമല്ല നബിതിരുമേനി (സ)യെ നിയോഗിച്ചയച്ചതിൽ ഒരു പ്രവർത്തി പറഞ്ഞത് ഹിക്മത്ത് വിവരിക്കുക എന്നതുമാണ്. വരാനിരുന്ന മഹാത്മാവിനെ സംബന്ധിച്ച് ഹദ്റത്ത് ഇബ്രാഹിം നബി (അ) യെ പഠിപ്പിച്ച പ്രാർത്ഥനയിലും ഹിക്മത്ത് പൂർത്തീകരണത്തെ സംബന്ധിച്ചും പ്രത്യേകം പരാമർശിക്കുകയുണ്ടായി. എന്താണ് ഹിക്മത്ത? അത് നീതിനിലനാട്ടലാകുന്നു. അറിവിനെ പൂർണ്ണതയിലെത്തിക്കുക, എല്ലാ കാര്യങ്ങൾക്കും തെളിവ് നൽകുക. ഏതെങ്കിലും നിർദ്ദേശം നൽകിയാൽ അത് ചെയ്യേണ്ടതിന്റെയും അരുതാത്തതിന്റെയും കാരണം പറയുക എന്നതാണ് ഹിക്മത്ത്. ഇത് തന്നെയാണ് ബുദ്ധി ആവശ്യപ്പെടുന്നതും - ഉദാഹരണമായി. മദ്യം, ചൂതാട്ടം എന്നിവയെ വിലക്കികൊണ്ട് പറഞ്ഞു.

يَسْـَٔلُوْنَكَ عَنِ الْخَمْرِ وَالْمَيْسِرِ ۭ قُلْ فِيْهِمَآ اِثْمٌ كَبِيْرٌ وَّمَنَافِعُ لِلنَّاسِ ۡ وَاِثْمُهُمَآ اَكْبَرُ مِنْ نَّفْعِهِمَا ۭ وَيَسْـَٔلُوْنَكَ مَاذَا يُنْفِقُوْنَ ڛ قُلِ الْعَفْوَ ۭ كَذٰلِكَ يُبَيِّنُ اللّٰهُ لَكُمُ الْاٰيٰتِ لَعَلَّكُمْ تَتَفَكَّرُوْنَ ۝

(2:220)

അവർ നിന്നോടു മദ്യത്തെയും ചൂതിനെയും സംബന്ധിച്ച് ചോദി

ക്കുന്നു. പറയുക. അവ രണ്ടിലും വലിയദോഷവും ജനങ്ങൾക്ക് (ചില) ഗുണങ്ങളുമുണ്ട്. എങ്കിലും അവയുടെ ദോഷം അവയുടെ ഗുണത്തേക്കാൾ വളരെ വലുതാണ്.

മദ്യം ഉപയോഗിക്കുന്നതിൽ നിന്നും തടഞ്ഞതിന്റെ ഉദ്ദേശ്യം അത് മനുഷ്യനെ ലഹരിക്കടിമയാക്കി, ആരാധനയിൽ നിന്നും തടയുന്നതോടൊപ്പം തന്നെ സമൂഹത്തിലെ ശാന്തി സമാധാനം നശിക്കുന്നതിന് കാരണമായിത്തീരുകയും ചെയ്യുന്നു. മദ്യപിക്കുമ്പോൾ തലച്ചോറിലെ ആയിരക്കണക്കിന് കോശങ്ങളിൽ അതിന്റെ പ്രഭാവം ഉണ്ടാകുന്നു എന്നത് സ്ഥിരീകരിക്കപ്പെട്ട വസ്തുതയാണ്. ഇക്കാരണങ്ങൾ നിരത്തി മനുഷ്യനെ അതിൽനിന്നും തടയുന്നു. അതേപോലെ തന്നെ ചൂതാട്ടം. അതിലുൾപ്പെടുന്ന ആളും അതിനടിമയായിത്തീരുന്നു. സമയം നഷ്ടപ്പെടുത്തി, ഒരുകാര്യത്തെക്കുറിച്ചും ചിന്തയുണ്ടാകാതെ, സ്വഭവനത്തിലെ ഉത്തരവാദിത്തങ്ങളിൽ നിന്നും വിമുഖനായി, ആരാധനാകർമ്മങ്ങളിൽനിന്നും വിദൂരപ്പെട്ട്, അനാശാസ്യമാർഗ്ഗങ്ങളിൽ കൂടി ധനസമ്പാദനത്തിന് പരിശ്രമിക്കുന്നു. സാമാന്യബുദ്ധിക്കനുസ്യതമായി പ്രവർത്തിക്കാതെ അമിതാവേശക്കാരും കോപിഷ്ടരുമായിത്തീരുന്നു.

ആൽക്കഹോൾ ഹോമിയോപ്പതിയിലെല്ലാം ഉപയോഗിക്കുന്നത് പോലെ വളരെ കുറഞ്ഞ അളവിൽ ജീവൻ രക്ഷപ്പെടുത്തുവാനായി ചികിത്സാർത്ഥം ഉപയോഗിക്കുക എന്നത് അനുവദനീയമാണ്. അതിൽ ലഹരിയുണ്ടാകുന്നില്ല. എന്നാൽ വെറും മദ്യം അതൽപമാത്ര അളവിലാണെങ്കിലും നിഷിദ്ധമാണ്. കാരണം ക്രമേണ ഈ സ്വഭാവം വർദ്ധിച്ച് വർദ്ധിച്ച് മനുഷ്യനെ നഷ്ടത്തിൽ അകപ്പെടുത്തുന്നു.

നോമ്പ്, നമസ്കാരം തുടങ്ങിയ ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുവാനുള്ള നിർദ്ദേശങ്ങളിലും ഹിക്മത്ത് അടങ്ങിയിരിക്കുന്നു. അവ ആരാധനാ കർമ്മങ്ങൾ എന്നത് കൂടാതെ മനുഷ്യന്റെ ആരോഗ്യത്തിനും അവരിൽ ഒരു അച്ചടക്കം ഉണ്ടാക്കിയെടുക്കുന്നതിനും അനിവാര്യമാണ്. അരുത് എന്ന് നിഷ്കർഷിക്കപ്പെടുന്നവയും മനുഷ്യന്റെ പ്രയോജനത്തിനുള്ളത് തന്നെയാണ്. ചെയ്യുവാൻ കല്പിച്ചിട്ടുള്ളവയും മനുഷ്യന്റെ നിലനിൽപ്പിന് അനിവാര്യമായതും ഹിക്മത്തിലധിഷ്ഠിതമായതുമാകുന്നു. ചുരുക്കത്തിൽ ഹിക്മത്ത് പറയാതെ അല്ലാഹു ഒരാൾക്കും നിർദ്ദേശം നൽകുന്നില്ല.

ആറാമതായി:- മനുഷ്യശേഷിക്ക് വഹിക്കുവാൻ കഴിയാത്ത യാതൊരു ശരീഅത്തീ കൽപ്പനകളും അവനിൽ ചുമത്തപ്പെടുന്നില്ല എന്നതാകുന്നു.

اِنَّمَا حَرَّمَ عَلَيْكُمُ الْمَيْتَةَ وَالدَّمَ وَلَحْمَ
الْخِنْزِيْرِ وَمَآ اُهِلَّ بِهٖ لِغَيْرِ اللّٰهِ ۚ فَمَنِ
اضْطُرَّ غَيْرَ بَاغٍ وَّلَا عَادٍ فَلَآ اِثْمَ
عَلَيْهِ ۭ اِنَّ اللّٰهَ غَفُوْرٌ رَّحِيْمٌ ۝١٧٤

(2:174)

ശവവും രക്തവും പന്നിമാംസവും അല്ലാഹുവല്ലാത്തവരുടെ പേരിൽ വഴിപാടാക്കപ്പെട്ടവയും മാത്രമാണ് അവൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയിട്ടുള്ളത്. എന്നാൽ മനപൂർവ്വം നിയമം ലംഘിക്കാതെയും അതിരുകടക്കാതെയും വല്ലവനും അത്തരം വസ്തുക്കൾ ഭക്ഷിക്കുന്നതിന് നിർബന്ധിതനായിപ്പോയെങ്കിൽ അവന്റെ പേരിൽ കുറ്റമൊന്നുമില്ല. തീർച്ചയായും അല്ലാഹു സർവ്വഥാ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമത്രെ.

ഈ നിർദ്ദേശവും ഹിക്മത്തിലധിഷ്ഠിതമായ, ബുദ്ധിക്കനുസൃതമായ മനുഷ്യശേഷിക്കനുസരിച്ച് അവന്റെ നിലനിൽപ്പിനായുള്ള ഉന്നതമായ ഒരദ്ധ്യാപനമാകുന്നു. ജീവന് ഭീഷണിയാണെങ്കിൽ ഈ നിഷിദ്ധവസ്തുക്കളെയും ഉപയോഗിക്കാവുന്നതാണ്. എന്നാൽ ശരീരത്തിന്റെ നിലനിൽപ്പിനായി, ശ്വാസോച്ഛ്വാസം നിലനിറുത്തുവാനായി മാത്രം. പരമാവധി ഇവയിൽ നിന്നും വിട്ട് നിന്ന് കൊണ്ട് ഹലാൽ ഹറാം എന്നതിന്റെ വ്യതിരിക്തതയെ നിലനാട്ടുവാനായി പരിശ്രമിക്കുക.

ഏഴാമതായി:-

അവന്റെ അദ്ധ്യാപനങ്ങൾക്കനുസൃതമായി പ്രവർത്തിക്കുക എന്നത് മനുഷ്യന്റെ കഴിവിൽപ്പെട്ടതാണെന്നതാകുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ അനുസരിക്കുക എന്നത് അപ്രാപ്യമായ കാര്യമല്ല. എന്ന് ഈ ആയത്തിൽ നിന്നും വ്യക്തമാകുന്നു. അല്ലാഹുവിന്റെ ശരീഅത്തും അവന്റെ നിർദ്ദേശങ്ങളും വെറും അവന്റെ അവതരണ വൈഭവവും, സാഹിത്യസംപുഷ്ടിയും, നിർമ്മാണവൈദഗ്ധ്യവും, ശക്തിയും മനുഷ്യന്റെ മേൽ പൊങ്ങച്ചത്തോട്കൂടി പ്രകടിപ്പിച്ച് കൊണ്ട് മനുഷ്യന് പരിഹരിക്കുവാൻ കഴിയാത്ത ചില പ്രഹേളികകൾ അവന്റെ മുമ്പിൽ സമർപ്പിക്കലല്ല, ദുർബലനായ, പാമരനായ ഈ മനുഷ്യൻ എന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് എന്ത് പ്രവർത്തിക്കാനാണ് എന്ന മുൻധാരണയോട് കൂടി ചില കാര്യങ്ങൾ പരീക്ഷണാർത്ഥം സമർപ്പിക്കുന്നവയല്ല. പറഞ്ഞു. അല്ലാഹു ഇത്തരം നിരർത്ഥക കാര്യങ്ങളിൽ നിന്നും ഉന്നതനും പരിശുദ്ധനുമാകുന്നു.

എട്ടാമതായി:- നിർദ്ദേശങ്ങളെ അനുസരിക്കുവാനുള്ള നിബന്ധന വെച്ചിട്ടുള്ളത് ഓരോരുത്തരുടെയും ബുദ്ധിയുടെയും ശാരീരിക, മാനസിക ആത്മീയ വൈജ്ഞാനിക, ക്ഷമതയുടെയും ധിഷണയുടെയും അടിസ്ഥാനത്തിലാകുന്നു. ഈ കഴിവുകളെ മുൻനിറുത്തി പ്രവർത്തിക്കേണ്ടത് അനിവാര്യമാകുന്നു. ഇതിനനുസൃതമായിട്ടാവുക ചോദ്യം ചെയ്യപ്പെടുന്നതും. ഒരു ഹദീസിൽ വന്നിരിക്കുന്നു.

ഒരു ഗ്രാമീണൻ നബിതിരുമേനി (സ) യുടെ സവിധത്തിൽ വന്ന് കൊണ്ട് ഇസ്‌ലാമിനെക്കുറിച്ച് ആരാഞ്ഞു. അവിടുന്ന് പറഞ്ഞു. രാത്രിയും പകലുമായി അഞ്ചുനേരം നമസ്കരിക്കുക. ഇവ കൂടാതെ നിർബന്ധ നമസ്കാരം വല്ലതുമുണ്ടോ എന്നയാൾ ചോദിച്ചു. അവിടുന്നു പറഞ്ഞു. ഇല്ല. നഫൽ വേണമെങ്കിൽ നമസ്കരിക്കാം. തുടർന്ന് നബി (സ)പറഞ്ഞു. റമളാൻ മാസത്തെ നോമ്പനുഷ്ഠിക്കുക. അയാൾ ചോദിച്ചു.

ഇതല്ലാതെ മറ്റുവല്ല നോമ്പുമുണ്ടോ? നബി (സ) പറഞ്ഞു. വേണമെങ്കിൽ നഫ്ൽ നോമ്പെടുക്കാം. തുടർന്ന് സക്കാത്തിനെ കുറിച്ചും പറയുകയുണ്ടായി. അപ്പോഴും അയാൾ ചോദിച്ചു. ഇതല്ലാതെ വല്ല സക്കാത്തുമുണ്ടോ? നബി (സ) പറഞ്ഞു. നന്മ പ്രതീക്ഷിച്ചുകൊണ്ട് നഫ്‌ലായി ദാനധർമ്മം ചെയ്യുക. ഇക്കാര്യങ്ങൾ കേട്ട് അയാൾ അവിടെനിന്ന് തിരിച്ച് പോകുമ്പോൾ പറഞ്ഞു. അല്ലാഹുവാണെ! ഞാനിതിൽ കൂടുതലാക്കുകയോ കുറവാക്കുകയോ ചെയ്യുന്നതല്ല. നബി (സ) അവിടെ കൂടിയിരുന്നവരോട് പറഞ്ഞു. അയാൾ സത്യമാണ് പറഞ്ഞതെങ്കിൽ അയാൾ വിജയിക്കുക തന്നെ ചെയ്യും.

അതായത് ഓരോരുത്തരും അവരവരുടെ കഴിവിനനുസൃതമായി പ്രവർത്തിക്കുന്നു. അവിടുന്ന് ഐഹിക കാര്യങ്ങളിലേക്കും നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരുന്നു.

ഒമ്പതാമതായി:- വിശുദ്ധഖുർആന്റെ എല്ലാ നിർദ്ദേശങ്ങളും പ്രവർത്തനയോഗ്യമാണ്. ഇതിനെ ഭാഗികമായി ആദ്യം പരാമർശിച്ചിരുന്നു. ഇവിടെ മറ്റൊരു രീതിയിൽ - നബി തിരുമേനി(സ) യുടെ മാതൃക അനുസരിച്ച് പ്രവർത്തിക്കുവാനുള്ള നിർദ്ദേശത്തോടൊപ്പം ഞാൻ പറഞ്ഞത് പോലെ ഒരു യഥാർത്ഥ മുഅ്മിൻ ഇതനുസൃതമായി പ്രവർത്തിക്കുന്നു. ചരിച്ചുകൊണ്ടിരിക്കുന്നു. ഹസ്റത്ത് ആയിശ(റ) പറഞ്ഞത്പോലെ വിശുദ്ധഖുർആന്റെ കല്പനകൾ നബി തിരുമേനി (സ) യുടെ പ്രവർത്തനരൂപമായിരുന്നു. അതിനാൽ ഇവ ഭാരമേറിയതല്ല. ഇതനുസരിച്ച് ഓരോരുത്തരും പ്രവർത്തിക്കുക എന്നത് അവരവരുടെ ഉത്തരവാദിത്തമാകുന്നു. വഹിക്കാൻ കഴിയാത്തഭാരം ഒരാളിലും ചുമത്തുന്നില്ല എന്നത് അല്ലാഹുവിന്റെ വാദം കൂടിയാണ്.

പത്താമതായി:- പ്രവാചകന്മാരുടെ വഹ്‌യ്, ഇൽഹാം എന്നതിനെക്കുറിച്ചുള്ള ഒരേകദേശ തിരിച്ചറിവ് ലഭ്യമാകുന്നതിനായി അല്ലാഹു മനുഷ്യന് സൽസ്വപ്നങ്ങൾ പ്രദാനം ചെയ്യുന്നു എന്നതാകുന്നു. ഈയൊരവസ്ഥ ഒരു വ്യക്തിക്ക് ലഭ്യമാകുന്നില്ലെങ്കിൽ അയാൾ പ്രവാചകന്മാരുടെ വാദത്തെ വെറും കളവായി മനസ്സിലാക്കുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) ഈ യാഥാർത്ഥ്യത്തിലേക്ക് വെളിച്ചം വീശിക്കൊണ്ട് പറയുന്നു.

"അല്ലാഹു ഓരോ പ്രവാചകന്മാരെ നിയോഗിച്ചയക്കുന്നതോടൊപ്പം തന്നെ ഓരോ വ്യക്തിയിലും ഒരു സംഗതി അന്തർ ലീനമാക്കുന്നു. അത് സ്വപ്നമാകുന്നു. ആർക്കെങ്കിലും ഒരിക്കലും തന്നെ സൽസ്വപ്നങ്ങൾ ഉണ്ടായിട്ടില്ല. എങ്കിൽ അയാൾ ഇൽഹാം, വഹ്‌യ് എന്നതിനെ എങ്ങനെ അംഗീകരിക്കുവാനാണ് - ഇത് അല്ലാഹുവിന്റെ ഒരു ഗുണമാണ്. ലായുക്കല്ലിഫുല്ലാഹു നഫ്സൻ ലാ വുസുഹാ ആയതിനാൽ ഈ കഴിവ് അല്ലാഹു എല്ലാവരിലും വെച്ചിരിക്കുന്നു. കള്ളന്മാർക്കും കൊള്ളക്കാർക്കും വ്യഭിചാരിക്കുപോലും സൽസ്വപ്നങ്ങളുണ്ടാകുന്നു.

പതിനൊന്നാമതായി:- യുവത്വത്തിലേക്ക് കടക്കുന്നതിനു മുമ്പായിട്ടുള്ള ബാല്യകാലം. ഇതൊരു അജ്ഞതയുടെ കാലഘട്ടമാകുന്നു. അതുപോലെ മാനസികമായി ബുദ്ധിവികാസം പ്രാപിക്കാത്തവർ അങ്ങനെയുള്ളവർ ഈ നിർദ്ദേശങ്ങൾക്കനുസൃതമായി ജീവിക്കുന്നില്ല എന്നത് ശിക്ഷാർഹമാകുന്നില്ല. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. പ്രാരംഭകാലഘട്ടം എന്നത് ഒരലസതയുടെയും അജ്ഞതയുടേതുമായ കാലമാകുന്നു. ഇതിനെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതല്ല. അവൻ സ്വയം പറയുന്നു.

لَا يُكَلِّفُ اللّٰهُ نَفْسًا اِلَّا وُسْعَهَا

പന്ത്രണ്ടാമതായി:- ശാരീരികമായും മാനസികമായും ബുദ്ധിപരമായും പൂർണ ആരോഗ്യവാനായിരിക്കെ യുവത്വത്തിൽ ഈ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിച്ചില്ലായെങ്കിൽ അവൻ പിടിക്കപ്പെടുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇതുസംബന്ധമായി പറയുന്നു. മനുഷ്യന് എന്തെങ്കിലും പ്രവർത്തിക്കുവാൻ കഴിയുന്ന കാലം അത് യുവത്വമാണ് അത് ശക്തിവികാസത്തിന്റെ ഘട്ടമാകുന്നു. എന്നാൽ ഇതേ സമയം തന്നെ നഫ്സെ അമ്മാറ അവന്റെ കൂടപ്പിറപ്പായിത്തീരുന്നു. വിവിധ രീതിയിൽ മനുഷ്യനെ അക്രമിച്ച് തനിക്ക് വിധേയമാക്കുവാൻ പരിശ്രമിക്കുന്നു. ഇതാണ് പിടിക്കപ്പെടുന്ന കാലഘട്ടം. ജീവിതം ശുഭപര്യവസായിയായി തീർക്കേണ്ട നാളുകളും ഇതുതന്നെയാകുന്നു. എന്നാലിത് വളരെ സന്നിഗ്ദ്ധഘട്ടമാകുന്നു. ഈ ഘട്ടത്തിൽ കഠിനാധ്വാനം ചെയ്തില്ലായെങ്കിൽ ദൗർഭാഗ്യവാനായി നരകത്തിലേക്ക് വഴിനടത്തപ്പെടുന്നതാണ്. എന്നാൽ വളരെ ശ്രദ്ധാപൂർവ്വം ചുവടുവെക്കുകയാണെങ്കിൽ ഉന്നതമായ നിലപ്രാപിച്ച് അല്ലാഹുവിന്റെ അനുഗ്രഹത്താൽ പര്യവസാനം ശുഭകരമായിത്തീരുമെന്നു പ്രതീക്ഷിക്കാം.

മനുഷ്യന് അല്ലാഹു അവന്റെ കഴിവിന് ഉപരിയായി യാതൊരു നിർദ്ദേശവും നൽകുന്നില്ല. അനുവർത്തിക്കാൻ പറഞ്ഞിട്ടുള്ളവയിലും വിട്ടൊഴിയാൻ പറഞ്ഞ കാര്യങ്ങൾക്കും അനുസരിച്ച് മനുഷ്യൻ പ്രവർത്തിക്കുന്നില്ല, അല്ലാഹുവിന്റെ വിശാലമായ പൊറുക്കലിൽ നിന്നും പ്രയോജനമെടുക്കുന്നില്ല, തന്റെ ശക്തിയുടെയും കഴിവിന്റെയും അതിരു സ്വയം നിർണയിച്ചുകൊണ്ട് അവന്റെ കല്പനകളിൽ നിന്നും മുഖം തിരിക്കുകയാണെങ്കിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ ഇക്കാര്യങ്ങൾ മനുഷ്യനെ നരകത്തിലേക്കെത്തിക്കുവാൻ കാരണമായിത്തീരുന്നു. ലാ യുക്കല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസുഹഹാ. എന്ന് പറഞ്ഞതിനുശേഷം അല്ലാഹു തുടർന്നു പറയുന്നു. ലഹാ മാ കസബത്ത് വ അലൈഹാ മക്ത്തസബത്ത് - അവൻ പ്രവർത്തിച്ച സൽക്കർമത്തിന്റെ ഫലം അവന് ലഭിക്കുന്നതാണ്. അവൻ പ്രവർത്തിച്ച ദുഷ്കർമ്മത്തിന്റെ ശിക്ഷയും അവൻ അനുഭവിക്കേണ്ടി വരുന്നതാണ്.

നന്മക്കായി ഇവിടെ കസബ എന്ന വാക്കാണ് പ്രയുക്തമായിരിക്കുന്നത്. ഉദ്ദേശ്യമുണ്ടെങ്കിൽ അതെളുപ്പമാണ്. കാരണം നന്മ മനുഷ്യപ്രകൃതിക്കനുസൃതമായതാണ്. എന്നാൽ ചിലപ്പോൾ മനുഷ്യൻ തന്റെ ഈ സൽപ്രകൃതിയ്ക്കനുസൃതമായി പ്രവർത്തിക്കുന്നതിനുപകരമായി അവന്റെ ദൗർഭാഗ്യതയാൽ മനുഷ്യപ്രകൃതിയ്ക്കെതിരായ ദുർമാർഗം അവലംബിക്കുന്നു. സ്വഭാവപരമായ ഗുണങ്ങളെ അനുയോജ്യമായ രീതിയിൽ വിനിയോഗിക്കാതെ അല്ലാഹുവിന് അനിഷ്ടകരമായ മാർഗത്തിൽ നീങ്ങിക്കൊണ്ട് തനിക്ക് അത് എളുപ്പമാണെന്ന് മനസ്സിലാക്കുന്നു. എന്നാൽ പാപത്തിന്റെയും തിന്മയുടെതുമായ കയങ്ങളിൽ ആണ്ടുപോകുമ്പോൾ താൻ അങ്ങേയറ്റം വൈഷമ്യമേറിയ കഠിനപാതയിലാണ് ചരിച്ചുകൊണ്ടിരിക്കുന്നത് എന്ന് മനസ്സിലാകുന്നു.

ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) "ഇക്തസബ" സംബന്ധമായി ശ്രദ്ധേയമായ ഒരു സംഗതി പറയുന്നത്. തിന്മകളിൽ ശിക്ഷക്കർഹമാകുന്ന തിന്മ എന്നത് മനപൂർവ്വം, അറിഞ്ഞ് കൊണ്ട് ചെയ്യുന്ന തിന്മ എന്നതാകുന്നു. ഉപേക്ഷിക്കാതെ മനപൂർവ്വം അത് ചെയ്ത് കൊണ്ടേ പോകുക. ചുരുക്കത്തിൽ അല്ലാഹു ഒരാത്മാവിനെയും അതിന്റെ കഴിവിനുപരിയായി പ്രയാസത്തിലകപ്പെടുത്തുന്നില്ല എന്ന് മാത്രമല്ല മാപ്പ്, പൊറുമ, വിട്ട് വീഴ്ചയോടുകൂടി അതിനോട് പെരുമാറുന്നു. ഒരു തെറ്റ് ചെയ്യുവാനുള്ള ഉത്സുകതയുണ്ടായി. പിന്നീട് മനുഷ്യൻ അത് ചെയ്ത് കൊണ്ടേ പോകുന്നുവെങ്കിലാണ് അവൻ ശിക്ഷിക്കപ്പെടുക. അതിനാൽ നമ്മുടെ പ്രിയങ്കരനായ, ദയാലുവായ അല്ലാഹു അടുത്ത ഭാഗത്ത് തന്നെ നമ്മെ ഈ ദുആ പഠിപ്പിച്ചു. സൽകാര്യത്തിലേക്ക് ശ്രദ്ധയുണ്ടാകുക മനുഷ്യസഹജമാണ് ഇതനുസരിച്ച് പ്രവർത്തിക്കുക എന്നത് മനുഷ്യശേഷിയിൽപ്പെട്ടതാകുന്നു. പറഞ്ഞു.

رَبَّنَا لَا
تُؤَاخِذْنَآ إِنْ نَّسِيْنَآ أَوْ أَخْطَأْنَا ۚ رَبَّنَا وَلَا
تَحْمِلْ عَلَيْنَآ إِصْرًا كَمَا حَمَلْتَهٗ عَلَى
الَّذِيْنَ مِنْ قَبْلِنَا ۚ رَبَّنَا وَلَا تُحَمِّلْنَا مَا لَا
طَاقَةَ لَنَا بِهٖ ۚ وَاعْفُ عَنَّا ۟ وَاغْفِرْ لَنَا ۟
وَارْحَمْنَا ۟ أَنْتَ مَوْلٰىنَا فَانْصُرْنَا عَلَى
الْقَوْمِ الْكٰفِرِيْنَ ﴿٢٨٧﴾

(2:287)

(അവർ ഇങ്ങനെ പ്രാർത്ഥിക്കുന്നു.) ഞങ്ങളുടെ നാഥാ! ഞങ്ങൾ മറന്നുപോകയോ, തെറ്റുചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഞങ്ങളെ ശിക്ഷിക്കരുതേ - ഞങ്ങൾക്ക് മുമ്പുണ്ടായിരുന്നവരുടെമേൽ ചുമത്തിയത് പോലുള്ള ഭാരം ഞങ്ങളുടെ മേൽ ചുമത്തരുതേ. ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് വഹിക്കാൻ കഴിവില്ലാത്ത (ഭാരം) ഞങ്ങളുടെ മേൽ ചുമത്തരുതേ - ഞങ്ങൾക്ക് മാപ്പു നൽകേണമേ. ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളോട് കരുണ കാണിക്കേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതിനാൽ സത്യനിഷേധികളായ ജനങ്ങൾക്കെതിരിൽ ഞങ്ങളെ സഹായിക്കേണമേ. (2:287)

ആത്മാവിന്റെ ശുദ്ധീകരണത്തിന് ഈ ദുആ വളരെ അത്യന്താപേക്ഷിതമാകുന്നു. എന്ത് കൊണ്ടെന്നാൽ നഫ്സിന്റെ ശുദ്ധീകരണമുണ്ടാകുമ്പോൾ ലായുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസ്അഹാ എന്നതിന്റെ ശരിയായ തിരിച്ചറിവ് പ്രാപ്യമാകുന്നു. തത്ഫലമായി വളരെ വിനയാന്വിതനായി അവൻ ദുആ ചെയ്യുന്നു.

അല്ലാഹുവേ ഈ നന്മയുടേതായ കൽപനകൾ അനുസരിച്ച് പ്രവർത്തിക്കാത്ത കാരണത്താൽ നീ ഞങ്ങളെ ശിക്ഷിക്കരുതേ ഇതിനെ ഞങ്ങൾ വിസ്മരിച്ചു കളഞ്ഞു നിന്റെ പിടുത്തം ഉണ്ടായവരുടേതുപോലുള്ള ഒരു പര്യവസാനം ഞങ്ങളുടെ നീ ആക്കരുതേ അവരുടെ പര്യവസാനം പോലെ എന്ന് ഞങ്ങൾ പറയുന്നത്. ഞങ്ങൾ കുഴപ്പമുണ്ടാക്കുന്നവരോ അതിർവരമ്പ് ലംഘിക്കുന്നവരോ നിന്റെ നിർദ്ദേശങ്ങളെ അവഗണിച്ചവരോ ആയതിനാലല്ല മറിച്ച് മനുഷ്യസഹജമായ മറവികാരണമായി ഞങ്ങൾക്കതനുസരിച്ച് പ്രവർത്തിക്കുവാൻ സാധിച്ചില്ല. ആയതിനാൽ ഈ മറവി നിമിത്തം എന്തെങ്കിലും സംഭവിച്ചു പോയിട്ടുണ്ടെങ്കിൽ മനപ്പൂർവ്വം ഇത് ചെയ്തിരുന്ന ആളുകളുടെ ഗണത്തിൽ നീ ഞങ്ങളെ ഉൾപ്പെടുത്തരുതേ.

അതോടൊപ്പം കൂടുതൽ വിനയാന്വിതനായി മുഅ്മിൻ ഈ ദുആയും ചെയ്യുന്നു. അല്ലാഹുവേ! ഞങ്ങൾ മനസ്സിലാക്കിയതിൽ വന്ന പിഴവ് കാരണമായി മനപ്പൂർവ്വമല്ലാതെ ഞങ്ങൾ ചെയ്തുപോയ തെറ്റുകളിലും നീ ഞങ്ങളെ പിടിക്കരുതേ ഞങ്ങളിൽ നിന്നും എടുത്തിട്ടുള്ള പ്രതിജ്ഞയും ഞങ്ങളിൽ ചുമത്തിയിട്ടുള്ള ഭാരവും മുൻസമുദായങ്ങളെപ്പോലെ ആക്കരുതേ തമ്പുരാനേ ഞങ്ങൾക്ക് ഞങ്ങളുടെ പ്രതിജ്ഞകളെ പൂർത്തീകരിക്കാനുള്ള തൗഫീഖ് നൽകി അനുഗ്രഹിച്ചാലും. അതല്ലെങ്കിൽ ശിക്ഷയ്ക്ക് പാത്രീഭൂതരായിത്തീർന്ന ആളുകളുടെ ഗണത്തിൽ ഞങ്ങളും ഉൾപ്പെട്ടുപോകും. ഞാൻ ഒരു നഫ്സിനും അതിന് വഹിക്കാൻ കഴിയാത്തഭാരം ചുമത്തുന്നില്ല എന്ന് പറഞ്ഞിരിക്കേ തന്നെ അല്ലാഹുവിനെ ഭയക്കുന്ന ഒരു മുഅ്മിൻ ഈ ദുആയിലേക്ക് ശ്രദ്ധയൂന്നും. അല്ലാഹുവേ! ഞങ്ങളുടെ പ്രവർത്തനവൈകല്യം കാരണമായി ശക്തിക്കുപരിയായി ഏതെങ്കിലും പരീക്ഷണത്തിലോ ഭാരത്തിലോ നീ ഞങ്ങളെ അകപ്പെടുത്തരുതേ ഞങ്ങളോട് എപ്പോഴും കാരുണ്യത്തോടെ പെരുമാറണമേ നിന്റെ മഗ്ഫിറത്തിന്റെ പുതപ്പിൽ നീ ഞങ്ങളെ എന്നെന്നേക്കുമായി പൊതിഞ്ഞുവെക്കേണമേ. നിന്റെ കാരുണ്യത്തിൽ നിന്നും പ്രയോജനം ഉൾക്കൊള്ളുവാനായി ഏതൊരു സത്യവിശ്വാസം സ്വീകരിക്കുവാൻ ഞങ്ങൾക്ക് സൗഭാഗ്യം നൽകിയോ ഞങ്ങൾക്ക് നീ അതിൽ സ്ഥിരചിത്തത പ്രദാനം ചെയ്യേണമേ! ഈമാനിൽ വർദ്ധനവ് നൽകി അനുഗ്രഹിക്കേണമേ. ഞങ്ങളുടെ ബലഹീനതകൾ കാരണമായി ഞങ്ങളുടെ ഈമാനെ നഷ്ടപ്പെടുത്തുവാൻ ശത്രുക്കൾക്ക് നീ അവസരം നൽകരുതേ! ഞങ്ങൾ നിമിത്തം ഞങ്ങളുടെ ദീനിനും ജമാഅത്തിനും ദുഷ്പേര് വരുത്തിവെക്കരുതേ. - ചിലപ്പോൾ ഒരു വ്യക്തിയുടെ വൈകല്യം ജമാഅത്തിനെ പരീക്ഷണത്തിൽ അകപ്പെടുത്തുവാനിടയുണ്ട്. - ആയതിനാൽ ഞങ്ങളെ എന്നു പറഞ്ഞുകൊണ്ട് സത്യവിശ്വാസികളെ ഒരു ജമാഅത്ത് എന്ന നിലയിൽ പരസ്പരം ദുആ ചെയ്യുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. തത്ഫലമായി ദുആയുടെ ഒരു പൊതു പ്രഭാവം ഉണ്ടായിത്തീരുകയും ഓരോ വ്യക്തിക്കും വ്യക്തിഗതമായി പരിശുദ്ധിയാർജിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടായിത്തീരുകയും ചെയ്യുന്നു. അല്ലാഹു നമുക്ക് നമ്മുടെ നാനാവിധ കഴിവുകളും വിനിയോഗിച്ചുകൊണ്ട് അവന്റെ എല്ലാ നിർദ്ദേശങ്ങൾക്കുമനുസൃതമായി പ്രവർത്തിക്കുവാനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ. ഈ നിർദ്ദേശങ്ങളെല്ലാം തന്നെ അവൻ നമ്മുടെ കഴിവും പ്രാപ്തിയും മനസ്സിലാക്കി തന്നെയാണ് നമ്മിൽ ചുമത്തിയിട്ടുള്ളത്. നാം ഒരു ഭാഗത്ത് തന്നെ നിലയുറപ്പിച്ചുപോകുന്നവരായിത്തീരാതെ എല്ലാ അവസ്ഥകളിലും അല്ലാഹു നമുക്ക് വിശാലത പ്രദാനം ചെയ്ത് കൊണ്ടേ പോകുമാറാകട്ടെ. ജമാഅത്തെന്ന നിലയിലും നാം പുരോഗതിയുടെ മാർഗങ്ങൾ ധ്രുതഗതിയിൽ തരണം ചെയ്യുന്നവരായിത്തീരട്ടെ. അല്ലാഹു നമ്മുടെ ദുആ സ്വീകരിക്കുമാറാകട്ടെ. ആമീൻ.

**വിവർത്തനം**
പി.കെ. മുഹമ്മദ് ഷരീഫ്
മുബല്ലിഗ് - കാക്കനാട്
**PHONE : 94477 13152**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 29 - 05 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : Majlis Khuddamul Ahmadiyya, Kerala